**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2425** **09-12-2014 ലെ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിന്റെ നടപടി ക്രമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കെ. ജയചന്ദ്രൻ** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി)** |
| **എ)** കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ രോഗിയും കുടുംബാംഗങ്ങളും വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ സമർപ്പിക്കേണ്ടതുണ്ടോ ; | **എ)** സമർപ്പിക്കേണ്ടതുണ്ട്. |
| **ബി)** പലപ്പോഴും രോഗി അടിയന്തിരമായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുമ്പോൾ ഇപ്രകാരം ഫോട്ടോ ഇല്ലാത്തവർ അപേക്ഷ നൽകാൻ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **ബി)** ഉണ്ട്. എന്നാൽ രോഗി അപേക്ഷ നൽകുമ്പോൾ വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ നൽകാൻ സാധിക്കാതെ വരുന്ന അവസരങ്ങളിൽ ബന്ധുക്കൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായം നൽകി വരുന്നു. ഇത്തരം കേസുകളിൽ കഴിയുന്നത്ര വേഗം ഇത്തരത്തിലുള്ള ഫോട്ടോ നൽകണമെന്ന് ആവശ്യപ്പെടാറുണ്ട്. |
| **സി)** രോഗിയും കുടുംബാംഗങ്ങളും വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ സമർപ്പിക്കുന്നത് വരുമാനം തെളിയിക്കുന്നതിനോ മറ്റ് കാര്യങ്ങൾക്കോ പര്യാപ്തമല്ല എന്നതിനാൽ അപേക്ഷയുടെ കൂടെ കുടുംബ ഫോട്ടോ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ? | **സി)** ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.